<u>**15 -ാം കേരള നിയമസഭ**</u>

<u>**5 -ാം സമ്മേളനം**</u>

<u>**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2504**</u> <u>**07-07-2022 - ല്‍ മറുപടിയ്ക്ക്**</u>

<u>**കാട്ടാക്കട ചെറുകോട് ട്രൈബല്‍ സ്കൂളിനായി മണ്ണ് മാറ്റല്‍**</u>

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ ഐ ബി സതീഷ്** | | **ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയര്‍ വകുപ്പ് മന്ത്രി)** | |
| (എ) | കാട്ടാക്കട മണ്ഡലത്തിലെ ചെറുകോട് ട്രൈബല്‍ സ്കൂളിന് കെട്ടിടം നിര്‍മ്മിക്കുന്നതിനായി മണ്ണ് മാറ്റുന്നതിനുള്ള അപേക്ഷയിന്മേല്‍ തീരുമാനമാകാത്തതിനുള്ള കാരണം വിശദമാക്കാമോ; | (എ) | വിളപ്പില്‍ പഞ്ചായത്തിലെ ചെറുകോട് ഗവണ്‍മെന്റ് ട്രൈബല്‍ എല്‍.പി സ്കൂളിന് മന്ദിര നിര്‍മ്മാണത്തിന്റെ ഭാഗമായി മണ്ണ് നീക്കം ചെയ്യുന്നതിന് വിളപ്പില്‍ പഞ്ചായത്ത് സെക്രട്ടറി സമര്‍പ്പിച്ച അപേക്ഷയില്‍ മൈനിംഗ് & ജിയോളജി തിരുവനന്തപുരം ജില്ലാ ആഫീസില്‍ നിന്നും 24.02.2022 ന് സ്ഥലപരിശോധന നടത്തിയിട്ടുണ്ട്. സ്ഥലം സര്‍ക്കാര്‍ പുറമ്പോക്ക് ഭൂമി ആകയാല്‍ മണ്ണ് നീക്കം ചെയ്യുന്നതിന് തിരുവനന്തപുരം ജില്ലാ കളക്ടറുടെ രേഖാമൂലമുള്ള അനുമതി ആവശ്യമാണ്. പ്രസ്തുത വിവരം ജില്ലാ കളക്ടറെ രേഖാമൂലം അറിയിച്ചിട്ടുള്ളതാണ്. ഇതോടൊപ്പം നീക്കം ചെയ്യേണ്ട മണ്ണ് പഞ്ചായത്ത് ലേലം ചെയ്ത് ആയതിനുള്ള റോയല്‍റ്റി, സീനിയറേജ് എന്നിവ ഒടുക്കി രേഖകള്‍ ഹാജരാക്കുന്ന മുറയ്ക്ക് മണ്ണ് നീക്കം ചെയ്യുന്നതിന് അനുമതി നല്‍കുന്നതാണ്. സ്കൂള്‍ കെട്ടിട നിര്‍മ്മാണ അനുമതി/പ്ലാന്‍ സമര്‍പ്പിക്കുന്നതിനും സെക്രട്ടറിയെ അറിയിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത അപേക്ഷയിന്മേല്‍ അടിയന്തര തീരുമാനമെടുക്കാമോ; വിശദാംശം ലഭ്യമാക്കാമോ? | (ബി) | ആവശ്യപ്പെട്ട രേഖകള്‍ വിളപ്പില്‍ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഹാജരാക്കുന്ന മുറയ്ക്ക് ഈ അപേക്ഷയില്‍ അടിയന്തിര തുടര്‍ നടപടി സ്വീകരിക്കുന്നതാണ് |

സെക്ഷന്‍ ഓഫീസര്‍